**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- പൊതുഭരണ സെക്രട്ടേറിയറ്റിൽ ആസ്ഥാന ഒഴിവിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലി ചെയ്ത് വരുന്ന ശ്രീമതി. പ്രബിത .കെ.വി-യ്ക്ക് ഗ്രാമവികസന വകുപ്പിൽ കോഴിക്കോട് ജില്ലയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലമാറ്റം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 288/ 2018/തസ്വഭവ, തിരുവനന്തപുരം, തീയതി:31-01-2018

---

പരാമർശം :
1. സ.ഉ. (പി) നം. 27/2013/ഉഭപവ, തീയതി 28/09/2013.
2. ശ്രീമതി. പ്രബിത .കെ.വി., ഓഫീസ് അറ്റൻഡന്റ് , സമർപ്പിച്ച 30/11/2017 ലെ അപേക്ഷ.
3. പൊതുഭരണ (സർവ്വീസസ്-സി) വകുപ്പിന്റെ 14/12/2017 ലെ പൊ.ഭ.വ-എസ്.സി 1/262/2017/പൊ.ഭ.വ
4. ഗ്രാമവികസന കമ്മീഷണറുടെ 04/01/2018 ലെ 18285/എസ്റ്റാ.ഡി4/17/ സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് ജില്ലാ ഓഫീസ് മുഖേന പൊതുഭരണ സെക്രട്ടേറിയറ്റിൽ ആസ്ഥാന ഒഴിവിൽ 02/05/2016 മുതൽ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്തു വരുന്ന ശ്രീമതി.പ്രബിത.കെ.വി, ഗ്രാമവികസന വകുപ്പിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലമാറ്റം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം ഉചിതമാർഗ്ഗേണ അപേക്ഷ സമർപ്പിച്ചു. അന്തർ വകുപ്പ് സ്ഥലം മാറ്റത്തിനായി ശ്രീമതി.പ്രബിത.കെ.വി-യെ വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന് പരാമർശം(3) പ്രകാരം പൊതുഭരണ (സർവ്വീസസ്-സി) വകുപ്പ് അറിയിച്ചു. കോഴിക്കോട് ജില്ലയിൽ ഗ്രാമവികസന വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അന്തർ വകുപ്പ്/അന്തർ ജില്ലാ സ്ഥലമാറ്റത്തിനായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒരു ഒഴിവ് നീക്കി വച്ചിട്ടുണ്ടെന്ന് പരാമർശം (4) പ്രകാരം ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് ജില്ലാ ഓഫീസ് മുഖേന പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റഡന്റായി ആസ്ഥാന ഒഴിവിൽ ജോലി ചെയ്തു വരുന്ന ശ്രീമതി.പ്രബിത.കെ.വി-യ്ക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി ഗ്രാമവികസന വകുപ്പിൽ കോഴിക്കോട് ജില്ലയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലമാറ്റം അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.എസ്.ആർ**

**ഡെപ്യൂട്ടി സെക്രട്ടറി**

1) ശ്രീമതി.പ്രബിത .കെ.വി, ഓഫീസ് അറ്റൻഡന്റ്, പൊതുഭരണ (സർവീസസ് -സി )വകുപ്പ് .
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) പൊതുഭരണ (സർവീസസ് -സി )വകുപ്പ്

4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
6) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
8) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ